# മഹാത്മാഗാന്ധി സർവ്വകലാശാല

**കൃഷ്ണമൂർത്തി റ്റി.എസ്.**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
**ഫോൺ:** 0481 2731020, 2732650
**മൊബൈൽ :** 9447660554

പി.ആർ.ഒ./39/190/2018 2018 സെപ്റ്റംബർ 11

## പത്രക്കുറിപ്പ്

**മഹാത്മാഗാന്ധി സർവ്വകലാശാല വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് 2017-18 (പുന:വിജ്ഞാപനം)**

മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ 2017-18 തെരഞ്ഞെടുപ്പ് ഒക്ടോബർ 10-ന് സർവ്വകലാശാല അസംബ്ലി ഹാളിൽ വച്ച് നടത്തുന്നതായിരിക്കും. പ്രാഥമിക വോട്ടർപ്പട്ടിക സെപ്തംബർ 12-ന് പ്രസിദ്ധീകരിക്കുന്നതാണ്. വോട്ടർപ്പട്ടിക സംബന്ധിച്ചുള്ള പരാതികൾ 24/09/2018 ഉച്ചയ്ക്ക് 2.00 മണി വരെ സ്വീകരിക്കുന്നതാണ്. അന്തിമ വോട്ടർപ്പട്ടിക 25/09/2018-ന് പ്രസിദ്ധീകരിക്കും. നാമനിർദ്ദേക പത്രികകൾ 01/10/2018 ഉച്ചയ്ക്ക് 1.00 മണി വരെ സികരിക്കുന്നതായിരിക്കും. നാമനിർദ്ദേക പത്രിക സൂക്ഷമ പരിശോധന 01/10/2018 ഉച്ചയ്ക്ക് 2.30 മണി മുതൽ. കൗൺസിലർമാർക്കുള്ള തിരിച്ചറിയൽ കാർഡ് അതാത് കോളേജ് പ്രിൻസിപ്പൽമാർക്ക് 29/09/2018-നു മുമ്പായി അയച്ചുകൊടുക്കുന്നതാണ്. പുന:വിജ്ഞാപനത്തിന്റെ പൂർണ്ണരൂപം, വോട്ടർപ്പട്ടിക, നാമനിർദ്ദേക പത്രിക എന്നിവ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in) ലഭ്യമാണ്.

**സിൻഡിക്കേറ്റിലേക്ക് നോമിനേറ്റ് ചെയ്തു.**

മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റിലേക്ക് പ്രൊഫസർ (ഡോ.) ജയച്ചന്ദ്രൻ കെ , സ്കൂൾ ഓഫ് ബയോസയൻസസ് ( മഞ്ജുതര, ജെട്ടീ റോഡ്, കോട്ടയം-1) നോമിനേറ്റ് ചെയ്തു.

ഫാക്കൽറ്റി ഓഫ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ ഡീൻ, പ്രൊഫസർ. (ഡോ.) കെ എം കൃഷ്ണൻ, ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ്, സ്കൂൾ ഓഫ് ലെറ്റേഴ്സ്, ഫാക്കൽറ്റി ഓഫ് മാനോജ്മെന്റ് സയൻസസ് ഡീൻ, പ്രൊഫസർ (ഡോ.) സന്തോഷ് പി തമ്പി, സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനൻസ് സ്റ്റഡീസ്, ഫാക്കൽറ്റി ഓഫ് ലോ ഡീൻ, പ്രൊഫസർ (ഡോ.) ബിസ്മി ഗോപാലകൃഷ്ണൻ, ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ്, സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട് എന്നീവരെയും സിൻഡിക്കേറ്റിലേക്ക് നോമിനേറ്റ് ചെയ്തു.

**എം ജി പി ജി ഏകജാലകം: രണ്ടാം സപ്ലിമെന്ററി അലോട്മെന്റ് പ്രസിദ്ധീകരിച്ചു. രണ്ടാം സപ്ലീമെന്ററി അലോട്മെന്റിൽ പ്രവേശനത്തിനു അർഹത നേടിയവർ 13/09/2018-നു 4.30 പി എം-നു മുമ്പായി ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.**

മഹാത്മാഗാന്ധി സർവ്വകലാശാല ഏകജാലകം വഴിയുള്ള പി ജി പ്രവേശനത്തിനുള്ള (2018) രണ്ടാം സപ്ലിമെന്ററി അലോട്മെന്റ് പ്രസിദ്ധീകരിച്ചു. രണ്ടാം സപ്ലിമെന്ററി അലോട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഈ മാസം 13-നു 4.30 പി എം-നു മുമ്പായി അലോട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. ഈ മാസം 13-നകം ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയ ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്മെന്റ് റദ്ദാക്കുന്നതാണ്.

**എം ജി ബിരുദ ഏകജാലകം: രണ്ടാം ഫൈനൽ അലോട്മെന്റ് പ്രസിദ്ധീകരിച്ചു. രണ്ടാം സപ്ലീമെന്ററി അലോട്മെന്റിൽ പ്രവേശനത്തിനു അർഹത നേടിയവർ 12/09/2018-നു 4.30 പി എം-നു മുമ്പായി ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.**

മഹാത്മാഗാന്ധി സർവ്വകലാശാല ഏകജാലകം വഴിയുള്ള ബിരുദ പ്രവേശനത്തിനുള്ള (2018) രണ്ടാം ഫൈനൽ അലോട്മെന്റ് പ്രസിദ്ധീകരിച്ചു. രണ്ടാം ഫൈനൽ അലോട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈ

നായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഈ മാസം 12-നു 4.30 പി എം-നു മുമ്പായി അലോട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. ഈ മാസം 12-നകം ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയ ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്മെന്റ് റദ്ദാക്കുന്നതാണ്.

**പ്രളയബാധിതർക്ക് നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അദാലത്ത്.**

പ്രളയക്കെടുതിയിൽ നഷ്ടപ്പെട്ട വിലപ്പെട്ട വിദ്യാഭ്യാസ രേഖകൾ ലഭ്യാമാക്കാൻ മഹാത്മാഗാന്ധി സർവ്വകലാശാല 2018 സെപ്റ്റംബർ 25 ന് ''കനിവ് 2018'' എന്ന പേരിൽ അദാലത്ത് സംഘടിപ്പിക്കുന്നു. സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടവർ സർവ്വകലാശാലയുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിരിക്കുന്ന പ്രത്യേക പോർട്ടലിൽ അപേക്ഷ സമർപ്പിക്കേണ്ടതും അതിന്റെ പകർപ്പെടുത്ത് ബന്ധപ്പെട്ട വില്ലേജ് ആഫീസറുടെയോ അല്ലെങ്കിൽ മറ്റു റവന്യൂ അധികാരികളുടെയോ സാക്ഷ്യപത്രത്തോടൊപ്പം 2018 സെപ്റ്റംബർ 19-നകം, ഡെപ്യൂട്ടി രജിസ്ട്രാർ ഢകകക (പരീക്ഷ) മോണിറ്ററിംഗ് സെൽ, മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം -686560 എന്ന വിലാസത്തിൽ നേരിട്ട് സമർപ്പിക്കേണ്ടതുമാണ്. വ്യത്യസ്ത കോഴ്സുകൾക്ക് പ്രത്യേകം അപേക്ഷകൾ നൽകണം. തികച്ചും സൗജന്യമായാണ് സർവ്വകലാശാല നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നത്. തയ്യാറായ സർട്ടിഫിക്കറ്റുകൾ 2018 സെപ്റ്റംബർ 25-ന് നടക്കുന്ന അദാലത്തിൽ വിതരണം ചെയ്യുന്നതാണ്. വിശദാംശങ്ങൾക്ക് 9746447287/0481-2731560 എന്ന നമ്പറുകളിൽ ബന്ധപ്പെടുക.

**ജൂനിയർ റിസർച്ച് ഫെല്ലോയുടെ ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസസ് ആൻഡ് നാനോടെക്നോളജിയും ഡിആർഡിഓ-യും സംയുക്തമായി നടത്താൻ പോകുന്ന പ്രോജക്റ്റിലേക്ക് ജൂനിയർ റിസർച്ച ഫേല്ലോയുടെ ഒഴിവുണ്ട് . യോഗ്യത-ടെക്നോളജി (മെറ്റീരിയൽ സയൻസ്) പോളിമർ ടെക്നോളജി, കെമിക്കൽ ടെക്നോളജിയിൽ മാസ്റ്റർ ബിരുദം അഥവ കെമിസ്ട്രി, പോളിമൽസയൻസ്, പോളിമർ കെമിസ്ട്രിയിൽ ബിരുദാന്തര ബിരുദം ( GATE/NET ഉള്ളവർക്ക് മുൻഗണന).

യോഗ്യതയുള്ളവർ സെപ്റ്റംബർ 26-നു മുമ്പായി ബയോഡാറ്റയും മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരി പകർപ്പും താഴെപ്പറയുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രൊഫ.(ഡോ) സാബുതോമസ്, കകഡഇചചഉഞഉഛ പ്രൊജക്ട് സെന്റർ ഫോർ നാനോ സയൻസ് ആൻഡ് ടെക്നോളജി മഹാത്മാഗാന്ധി സർവ്വകലാശാല, പി .ഡി ഹിൽസ് പി.ഒ-686560 കോട്ടയം.

കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന വെബ്സൈറ്റ് സന്ദർശിക്കുക. www.mgu.ac.in, iiucnn.com/careers മൊബൈൽ നം. 9400552374.

**പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.**

2018 ജനുവരി മാസം നടത്തിയ ഒന്നാം സെമസ്റ്റർ ബി.ബി.എ, ബി.സി.എ, ബി ബി എം, ബി.എസ്.ഡബ്യൂ, ബി.ടി.എസ്, ബി.എഫ്.ടി സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. ടി പരീക്ഷയുടെ ഉത്തരകടലാസുകൾ പുനർ മൂല്യം നിർണയം നടത്തുവാൻ താൽപര്യപ്പെടുന്ന വിദ്യാർത്ഥികൾ നിശ്ചിത ഫോറത്തിൽ ഒരു പേപ്പറിന് 350/-രൂപ നിരക്കിൽ ഫീസൊടുക്കി 23.09.2018 നോ അതിനു മുൻപോ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടി പരിക്ഷയുടെ സൂക്ഷമപരിശോധനയ്ക്ക് പേപ്പർ ഒന്നിന് 150/-രൂപ നിരക്കിൽ ഫീസൊടുക്കി 23.09.2018 നോ അതിനു മുൻപോ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

2018 ജനുവരി മാസം നടത്തിയ ഒന്നാം സെമസ്റ്റർ ബികോം സിബിസിഎസ്എസ് (മോഡൽ I,II,III) സപ്ലിമെന്ററി (2013-2016) അഡ്മിഷൻ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യം നിർണയത്തിനും, സൂക്ഷമപരിശോധനയ്ക്കും അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 24.09.2018.

2017 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി. വോക്ക് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യം നിർണയത്തിനും, സൂക്ഷമപരിശോധനയ്ക്കും അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 24.09.2018.

**സൂക്ഷ്മ പരിശോധന**

2017 ജൂൺ മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം കോം (സിഎസ്എസ്), 2016 ഡിസംബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം കോം( പ്രൈവറ്റ്) എന്നീ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധന ഇ ജെ 5 സെക്ഷനിൽ വച്ച് ഈ മാസം 17,18,19 തീയതികളിൽ നടത്തുന്നതാണ്. വിദ്യാർത്ഥികൾ അന്നേ ദിവസം എം ജി യൂണിവേഴ്സിറ്റി പരീക്ഷാഭവൻ റൂം നമ്പർ 226-ൽ, തിരിച്ചറിയൽ കാർഡ്/ ഹാൾടിക്കറ്റ് എന്നിവയുമായി എത്തിച്ചേരേണ്ടതാണ്.

**പരീക്ഷാ തീയതി**

ഒന്നാം സെമസ്റ്റർ ബി പി എഡ് (2017 അഡ്മിഷൻ റഗുലർ)/ 2015,2016 അഡ്മിഷൻ സപ്ലിമെന്ററി) പരിക്ഷകൾ 28/09/2018-ന് ആരംഭിക്കും. 15/09/2018 ഫീസ് അടയ്ക്കാനുള്ള അവസാന തീയതിയാണ്. 50 രൂപ ഫൈനോടുകൂടി 17/09/2018-നും 500 രൂപ ഫൈനോടുകൂടി 19/09/2018 വരെയും ഫീസ് ഒടുക്കാവുന്നതാണ്.

രണ്ടാം സെമസ്റ്റർ ബി പി എഡ് (2017 അഡ്മിഷൻ റഗുലർ)/ 2015,2016 അഡ്മിഷൻ സപ്ലിമെന്ററി) പരിക്ഷകൾ 09/10/2018-ന് ആരംഭിക്കും. 15/09/2018 ഫീസ് അടയ്ക്കാനുള്ള അവസാന തീയതിയാണ്. 50 രൂപ ഫൈനോടുകൂടി 17/09/2018-നും 500 രൂപ ഫൈനോടുകൂടി 19/09/2018 വരെയും ഫീസ് ഒടുക്കാവുന്നതാണ്.

മൂന്നാം വർഷ ബിഎസ് സി എം. എൽ റ്റി (2015 അഡ്മിഷൻ റഗുലർ)/ 2009-2014 അഡ്മിഷൻ സപ്ലിമെന്ററി) പരിക്ഷകൾ 05/10/2018-ന് ആരംഭിക്കും. 15/09/2018 ഫീസ് അടയ്ക്കാനുള്ള അവസാന തീയതിയാണ്. 50 രൂപ ഫൈനോടുകൂടി 17/09/2018-നും 500 രൂപ ഫൈനോടുകൂടി 19/09/2018 വരെയും ഫീസ് ഒടുക്കാവുന്നതാണ്. 100 രൂപ റഗുലർ അപ്പിയറൻസ് വിദ്യാർത്ഥികളും, ഒരു പേപ്പറിന് 30 രൂപ വീതം (ആകെ 200 രൂപ) സബ്സിക്വന്റ് വിദ്യാർത്ഥികളും പരിക്ഷാ ഫീസിനു പുറമെ സി.വി ക്യാമ്പ് ഫീസായും അടയ്ക്കേണ്ടതാണ്.

**പ്രോജക്റ്റ് ഇവാലുവേഷൻ ആൻഡ് വൈവ (വിശദവിവരങ്ങൾക്ക് സർവ്വകലാശാല വെബ്സൈറ്റ് സന്ദർശിക്കുക (www.mgu.ac.in)**

നാലാം സെമസ്റ്റർ എംഎസ് സി ബയോ സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷ (2018) -കളുടെ പ്രോജക്റ്റ് ഇവാലുവേഷനും വൈവ_വോസിയും ഈ മാസം 18,19 തീയതികളിൽ പാലാ സെന്റ് തോമസ് കോളേജിൽ വച്ച് നടത്തുന്നതാണ്.

ഒന്ന്-നാലാം സെമസ്റ്റർ എംഎസ് സി മാത്തമാറ്റിക്സ് ഓഫ് ക്യമ്പസ് (സപ്ലിമെന്റി/ മേഴ്സി) പരിക്ഷ (2018) -കളുടെ പ്രോജക്റ്റ് ഇവാലുവേഷനും വൈവ_വോസിയും ഈ മാസം 18-ാം തീയതി എം ജി സർവ്വകലാശാല പരീക്ഷാ വിഭാഗം റൂം നമ്പർ 201-ൽ വച്ച് നടത്തുന്നതാണ്.

**തീയതി നീട്ടി**

ഒന്നും രണ്ടും സെമസ്റ്റർ ബി എ- ബി കോം പ്രൈവറ്റ് രജിസ്ട്രഷൻ (2017 അഡ്മിഷൻ സിബിസിഎസ്എസ് റഗുലർ/2017 അഡ്മിഷന് മുൻപ് സിബിസിഎസ്എസ് സപ്ലിമെന്ററി) പരീക്ഷകളുടെ ഫീസ് 50 രുപ ഫൈനോടുകൂടി 14/09/2018 വരെയും 500 രൂപ ഫൈനോടുകൂടി 18/09/2018 വരെയും അടയ്ക്കാവുന്നതാണ്.

പിആർഒ (ഇൻ -ചാർജ്ജ്)